**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -ആലപ്പുഴ ജില്ലയിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിലിരിക്കേ മരണപ്പെട്ട ശ്രീ. സി. മുരളീധരൻ പിള്ള യുടെ ഫാമിലി പെൻഷൻ ടിയാന്റെ മാതാവ് ശ്രീമതി.സതിയമ്മ പിള്ളയ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സഉ(സാധാ)നം. 2142/2017/തസ്വഭവ    തീയതി,തിരുവനന്തപുരം, 27.06.2017

---

പരാമർശം : 1) പഞ്ചായത്ത് ഡയറക്ടറുടെ 19.08.2016, 24.01.2017 എന്നീ തീയതികളിലെ എച്ച്2-25395/16 നമ്പർ കത്തുകൾ.

2) കാർത്തികപ്പള്ളി താലൂക്ക് തഹസിൽദാർ 22.08.2014 ൽ സാക്ഷ്യപ്പെടുത്തിയ എ 3-10920/14/കെ ഡിസ് നമ്പർ അവകാശ സർട്ടിഫിക്കറ്റ്.

3) അഡ്വക്കേറ്റ് ജനറൽ ആഫീസിലെ 24.05.2014 ലെ പി 08/2101549102/1115271590/5/000090 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിലിരിക്കേ മരണപ്പെട്ട ശ്രീ. സി. മുരളീധരൻ പിള്ള യുടെ ഫാമിലി പെൻഷൻ ടിയാന്റെ മാതാവ് ശ്രീമതി. സതിയമ്മ പിള്ളയ്ക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. ആലപ്പുഴ ജില്ലയിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് ആയിരിക്കേ 17/03/2014 ലാണ് ശ്രീ. സി. മുരളീധരൻ പിള്ള മരണപ്പെടുന്നത്. ടിയാൻ അവിവാഹിതനാണ്. ടിയാന്റെ പിതാവ് മരണപ്പെട്ടിട്ടുള്ളതും ടിയാന്റെ മാതാവ് ശ്രീമതി. സതിയമ്മ പിള്ള അനന്തരാവകാശി ആണെന്ന് കാർത്തികപ്പള്ളി തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിലിരിക്കേ മരണപ്പെട്ട ശ്രീ. സി. മുരളീധരൻ പിള്ള യുടെ മാതാവ് ശ്രീമതി. സതിയമ്മ പിള്ളയ്ക്ക് Income and Eligibility Certificate ന്റെ തീയതിയായ 12/08/2016 മുതൽ ഫാമിലി പെൻഷൻ അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
സെക്രട്ടറി, ചിങ്ങോലി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല.
ശ്രീമതി. സതിയമ്മ പിള്ള, പോച്ചയിൽ വീട്, കണ്ടല്ലൂർ വടക്ക്, പട്ടോളി മാർക്കറ്റ് പി.ഒ, 690531 (രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് (യു.ഒ നം./WW1/64/2017-/ധന തീയതി 22.05.2017 പ്രകാരം).
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ.
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(181/ഇപിഎ 1/16/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ